**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3793** **09-10-2025 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി സർവകലാശാല നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും ആയി 2023 ഒക്ടോബർ 1 മുതൽ 2024 ജൂൺ വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണമെത്ര എന്നറിയിക്കാമോ; ഇവയിൽ എത്ര എണ്ണം പി . എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര എണ്ണം എന്നറിയിക്കാമോ; എന്തു കൊണ്ട് റിപ്പോർട്ട് ചെയ്തില്ല എന്ന് വ്യക്തമാക്കാമോ; | (എ) | 2023 ഒക്ടോബർ 1 മുതൽ 2024 ജൂൺ വരെ അസിസ്റ്റന്റ് തസ്തികയിൽ 41 ഒഴിവുകൾ ഉണ്ടായിരുന്നു. ഇവയിൽ 41 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2024 ജൂലൈ മുതൽ 2025 മെയ് 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണമെത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര എണ്ണം എന്നറിയിക്കാമോ; എന്തു കൊണ്ട് റിപ്പോർട്ട് ചെയ്തില്ല എന്ന് വ്യക്തമാക്കാമോ; | (ബി) | 2024 ജൂലൈ മുതൽ 2025 മെയ് 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ചുവടെ നൽകുന്നു :<br>ജൂലൈ - ഇല്ല.<br>ആഗസ്റ്റ് – ഇല്ല.<br>സെപ്റ്റംബർ - 1<br>ഒക്ടോബർ - 3<br>നവംബർ - 2<br>ഡിസംബർ - ഇല്ല.<br>ജനുവരി - 3<br>ഫെബ്രുവരി - 3<br>മാർച്ച് - 2<br>ഏപ്രിൽ - 1<br>മെയ് - 1<br>ഇവയിൽ 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. WP(C)No.30003 of 2024 വിധിയുടെ അടിസ്ഥാനത്തിൽ ബൈട്രാൻസ്ഫർ നിയമനം മുഖേന |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവ് നികത്തിയിരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2024-2025 വർഷത്തിൽ ഡി. എ. കാറ്റഗറിക്കാരുടെ സൂപ്പർ ന്യൂമററി തസ്തിക ക്രമീകരണത്തിലേക്കായി മാറ്റിവെക്കപ്പെട്ട അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എത്ര എന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണത്തിനായി ഗവണ്മെന്റിലേക്കായി അയച്ച ഫയൽ നമ്പർ നൽകാമോ; ടി ഫയലിന്റെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ; | (സി) | 49864/എഡിഎ1-1/2025/എഡി.എ1 നമ്പർ ഫയലിലാണ് സൂപ്പർ ന്യൂമററി തസ്തിക സംബന്ധിച്ച് വിശദീകരണം സർവ്വകലാശാല തേടിയിരിക്കുന്നത്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകൾ ആണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗത്തിലേക്കുമായി മാറ്റിവെക്കപ്പെട്ടിട്ടുള്ളതെന്ന എണ്ണം വ്യക്തമാക്കാമോ; | (ഡി) | സ്ഥാനക്കയറ്റംമൂലം 02.06.2025 പ്രാബല്യത്തിൽ തസ്തികമാറ്റം നിയമനത്തിനായി ഉണ്ടായ 2 ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) | 2025 ജൂൺ 1 മുതൽ 2026 ജൂൺ 1 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈ ട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റി വയ്ക്കും എന്നറിയിക്കാമോ? | (ഇ) | 2025 ജൂൺ 1 മുതൽ 2026 ജൂൺ വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ചുവടെ നൽകിയിരിക്കുന്നു :<br>ജൂൺ - 23<br>ജൂലൈ - 3<br>ആഗസ്റ്റ് - 2<br>സെപ്റ്റംബർ - 2<br>ഒക്ടോബർ - 2<br>നവംബർ - ഇല്ല<br>ഡിസംബർ - ഇല്ല.<br>ജനുവരി - 3<br>ഫെബ്രുവരി - 2<br>മാർച്ച് - ഇല്ല<br>ഏപ്രിൽ - 3<br>മെയ് - 6<br>ജൂൺ - 20<br>ഇവയിൽ 3 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനത്തിനുള്ളതാണ്. |

സെക്ഷൻ ഓഫീസർ